ഉത്തരം

(എ—ഡി) റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ചു നിർമ്മിച്ച റെയിൽവേ മേൽപ്പാലങ്ങളുടെ ഗുണഭോക്താക്കളിൽ നിന്നും ടോൾ പിരിച്ച് ടി സ്ഥാപനം ഇതിലേയ്ക്കായി ചെലവഴിച്ച തുക സമാഹരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു. തീരുമാനമെടുക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട ജനപ്രതിനിധികൾ, മറ്റു സംഘടനകൾ എന്നിവരുമായി ചർച്ച നടത്താനുദ്ദേശിക്കുന്നു.

റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് നടപടി

75 [627] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്-വെസ്റ്റ് നല്ലൂർ-കരുവൻതിരുത്തി ബൈപാസ് റോഡിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് അലൈൻമെന്റ് പ്ലാൻ റെയിൽവേ അധികൃതരുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ടി മേൽപ്പാലം പണിയുന്നതിനായി അലൈൻമെന്റ് പ്ലാൻ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിയ്ക്കയാണ്. റെയിൽവേയുടെ അംഗീകാരം ലഭിച്ചശേഷം മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മലബാർ മേഖലയിലെ റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം

76 [628] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, എം. വി. ഗോവിന്ദൻമാസ്റ്റർ:
,, മഞ്ഞളാംകുഴി അലി:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റെയിൽവേ നേരിട്ട് നിർമ്മിക്കുന്ന മേൽപ്പാലങ്ങൾ എത്ര; അവയിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ട്;

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ എത്ര മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്; അവയിൽ എത്രയെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(ഡി) മലബാർ മേഖലയിലെ ഗതാഗത സ്തംഭനം ഒഴിവാക്കുന്നതിനായി മേൽപാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) അഞ്ച്. ഇതിൽ ഒരെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) 23 മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഇവയിൽ 3 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള നടപടികൾ

77 [629] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പള്ളിക്കര, പടന്നക്കാട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ മേൽപ്പാലങ്ങളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) ടി മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ തുക കേന്ദ്ര ഗവൺമെന്റിന്റെ Annual Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റിന് MORTH-ന്റെ അംഗീകാരം ലഭിച്ചാലുടൻ പണികളുടെ ദർഘാസ് ക്ഷണിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly